<u>ഒരു വസന്തകാലം...</u>

എന്റെ ജീവിതത്തിലെ ഒരു പ്രധാന കാലഘട്ടമായിരുന്നു കൊയമ്പത്തൂർ ശ്രീ നാരായണഗുരു കോളേജിലെ 3 വർഷം. എന്റെ ഡിഗ്രി അവിടെയായിരുന്നു. ഞാൻ പോസ്റ്റ് ഗ്രാജുവേഷൻ ചെയ്ത കോളേജ് ലൈഫ് അറുബോറായതു കൊണ്ടാണോ, അതോ എന്റെ പ്ലസ്റ്റു ലൈഫ് തനി സ്കൂൾ ലൈഫ് ആയതുകൊണ്ടാണൊ എന്നറിയില്ല... S N G C യിലെ 3 വർഷം ഞാൻ ഒരുപാട് സ്നേഹിക്കുന്നു. എന്നും ഓർക്കുമ്പോൾ ഒരു സുഖമാണ്... എവിടെ നിന്നൊക്കെയോ ഒരുപാട് സന്തോഷം ഓടിയെത്തുന്ന പോലെ. എനിക്കൊരുപിടി നല്ല മിത്രങ്ങളെ തന്ന, ഓർമ്മിക്കാൻ ഒരുപാട്.. ഒരുപാട് നല്ല നിമിഷങ്ങൾ സമ്മാനിച്ച എന്റെയാ കലാലയം...

എന്റെ ആദ്യവർഷം ഒട്ടും പ്രത്യേകതകൾ ഇല്ലാതെ പോയി. ഞാൻ ആകെ അഘോഷിച്ചത് എന്റെ ഹോസ്റ്റലിൽ മാത്രമായിരുന്നു (ഇപ്പോൾ ആ ഹോസ്റ്റൽ ലേഡീസ് ഹോസ്റ്റലാണ്, പക്ഷേ, അവിടുത്തെ ഉണ്ണിനീലി സന്ദേശങ്ങൾ പതിഞ്ഞ ചുമരുകളും, വാതിലുകളും, കട്ടിലുകളും ഇന്നും അതേപടീ തന്നെയെന്ന് ഞാനറിഞ്ഞു.). സൗഹൃദങ്ങൾക്ക് സൗന്ദര്യമേകാനെന്ന പോലെ എപ്പൊഴും ഈ കലാലയത്തിൽ നല്ല കാറ്റു വീശും... മഴക്കാലത്ത് ഒരു അധികം ദൂരെയല്ലാത്ത മലമുകളിൽ തട്ടി ക്കരയുന്ന മഴമേഘങ്ങൾ കണ്ടു നിക്കാൻ നല്ല രസമായിരുന്നു. ഒരുപക്ഷേ ഒരുപാട് പേർ ഒറ്റക്കിരിക്കുന്ന സമയം ആ മേഘങ്ങലോടും, മലനിരക്കുകളോടും സ്വകാര്യം പറഞ്ഞിരിക്കണം.

തണുത്തുറഞ്ഞപോലെയൊരു രണ്ടാം വർഷമായിരുന്നു തുടങ്ങിയതെങ്കിലും, എന്റെ മിത്രങ്ങളെ ഞാൻ പരിചയപ്പെടാൻ വൈകിയതിൽ ഖേദിച്ചു... പക്ഷേ പിന്നീടൊരുത്സവം തന്നെയായിരുന്നു. ആൺ-പെൺ വെത്യാസമില്ലാതെ ഞങ്ങൾ അടുത്തു. മറ്റ് പല ബാച്ചുകളിലും ഞങ്ങളുടെ സഹൃദം അസൂയക്ക് വളം വെച്ചു. പലരും പബ്ലിഷ് ചെയ്യാത്ത പ്രണയലേഘനങ്ങളുമായി ഞങ്ങളുടെ ക്ലാസിനു മുന്നിലൂടെ തെക്കും വടക്കും നടന്നിരുന്നു...

എതൊരു ചെറിയ ആഘോഷവും ഞങ്ങൾക്ക് പക്ഷേ വളരെ വലിയതായിരുന്നു. അത് ഔഗസ്റ്റ് 15... വാലന്റൈൻസ് ഡേ, ഫ്രണ്ട്ഷിപ് ഡേ... ന്യു ഇയർ... ഓണം.. അങ്ങിനെ നീണ്ടു പോകും. ഒരു പക്ഷേ അതിൽ എറ്റവും പ്രധാനം ഓണവും, ഫ്രണ്ട്ഷിപ് ഡേയും തന്നെയായിരിക്കണം. ഒരുപാട് ചിരിച്ചും കളിച്ചും, തല്ലുകൂടിയും....

ഞങ്ങളുടെ സുഹൃത്ബന്ധം ഒന്നുകൂടെ ഉറച്ചത് തീർഛയായും പോണ്ടിച്ചേരി ട്രിപ് കഴിഞ്ഞതോടെ യാണ്. ഒരുപക്ഷേ അന്നുമുതലാണെന്നു തോനുന്നു... ''എന്റെ ബെസ്റ്റ് ഫ്രണ്ട്'' എന്ന ഒരു കൺസെപ്റ്റ് ഞങ്ങളുടെ ഇടയിൽ വന്നത്. പലർക്കും ഒരു നല്ല സുഹൃത്തിനെ കിട്ടിയത് പോണ്ടിച്ചേരി കടാപ്പുറത്ത് വെച്ചാണെന്ന് മറ്റൊരു രഹസ്യം. ശരിയായിരിക്കാം. പലർക്കും സ്വന്തം വിഷമങ്ങൾ കേൾക്കാനും, സ്വന്തം കണ്ണീരൊപ്പാനും ഒരാൾ ശ്രദ്ധിക്കുന്നുണ്ടെന്ന് വന്നാൽ... തീർച്ചയായും അതൊരു നല്ല സുഹൃത്ബന്ധത്തിനെ തുടക്കം മാത്രം. പക്ഷേ, അങ്ങിനെ നല്ലൊരു സുഹൃത്തിനെ കിട്ടിയവർക്കൊപ്പം, നഷ്ടങ്ങളുടെ കണക്ക് കൂട്ടിയവരും ഞങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നു... അന്നത് ആരും കാണാതെ പോയി.

പിന്നീട് ഞങ്ങളുടെ ലൈഫ് ആരും കൊതിച്ചുപോകുന്ന പോലെയായിരുന്നു. സദാ സമയവും കത്തി തന്നെ കത്തി. പഠിപ്പിക്കാൻ വന്ന റ്റീച്ചേർസിനെ പോലും ഞങ്ങൾ കത്തി വെക്കാൻ പഠിപ്പിച്ചു... പക്ഷേ ദോഷം പറയരുതല്ലോ... അന്നും, എന്നും ഞങ്ങളുടെ ബാച്ചിനോട് എല്ലാ സ്റ്റാഫ്സിനും ഒരു സ്നേഹം ഉണ്ട്. ഇടക്കിടക്കുള്ള ചെറിയ പടക്കങ്ങൾ കമ്പ്യൂട്ടർ ലാബിൽ പൊട്ടുന്നതൊഴിച്ചാൽ (ഇന്നും ലാബിൽ ഒരു ബോംബ് ഇടാൻ ആഗ്രഹിക്കുന്നവർ ഉണ്ട്. ഞാനുംപ്പടെ പലരും.). പല സ്റ്റാഫുകളും ഞങ്ങൾ പറയുന്നതനുസരിച്ച് ജീവിച്ചു... എന്നുവെച്ചാൽ, ഇന്ന് എക്സാം വേണ്ടെന്ന് ഞങ്ങൾ പറഞ്ഞാൻ, ഇന്ന് എക്സാം ഇല്ല. അത്ര തന്നെ. പേടികൊണ്ടല്ല കേട്ടൊ... ഞങ്ങളോടുള്ള ഒരു സ്നേഹം. (ഞാനോർക്കുന്നു, നിരുപമ മാം എന്നോട് ഒരിക്കൽ പറഞ്ഞിട്ടുള്ളപോലെ... യു ർ സോ അഡോറബിൾ... അത് സത്യമല്ലെങ്കിൽ പോലും.)

ആ വർഷത്തെ ഓണാഘോഷം ഒരു സംഭവം തന്നെയായിരുന്നു. ഞങ്ങൾ - എല്ലാ സുന്ദരന്മാരും സുന്ദരികളും നമ്മുടെ സ്വന്തം വസ്ത്രമായ മുണ്ടും-ഷർട്ടും, കസവു സാരിയും ധരിച്ച് വന്നു. സത്യം പറയാലോ.. ഞങ്ങളിൽ പലരും ഇത്രക്ക് സൗന്ദര്യമുള്ളവരാണെന്ന് അന്നാണ് മനസ്സിലായത്. പൂക്കളവും, സദ്യയുമൊരുക്കി ഞങ്ങൾ എല്ലാവരേയും വീണ്ടും കൊതിപ്പിച്ചു... പിന്നീട് പലരും ഞങ്ങളെ അനുകരിക്കാൻ നോക്കി.. പക്ഷേ ചീറ്റിപ്പോയ്.

ആ വർഷവും വളരെ പെട്ടന്ന് കഴിഞ്ഞെന്ന് തോന്നി... കാൻറീനിലും, ക്ലാസിലെ 2 പേർക്കിരിക്കവുന്ന ബഞ്ചുകളിലും ഇന്നും കേൾക്കാം നിർത്താതെ കത്തിവെച്ചതിൻെറ തിരുശേഷിപ്പുകൾ. കാൻറീനിൽ ഞങ്ങൾ ചെക്കന്മാർ ഒരിക്കലും സ്വന്തം കയ്യിൽ നിന്നും കാശെടുക്കാറില്ല. ഫ്രണ്ട്ഷിപ്പിൻെറ ആഴം കൊണ്ടാകും, ഞങ്ങളുടെ കൂടെയുള്ള പെൺപടകളുടെ ബാഗിൽ നിന്നാണ് കശു പോകാറുള്ളത്. പ്രത്യേകിച്ചും പാലക്കാട് ഭാഗത്തു നിന്നും വരുന്ന പെൺകുട്ടികളുടെ.

മൂന്നാം വർഷം. പ്രധാനമായും ഓർമ്മവരുന്നത് ഗോവൻ ട്രിപ് ആണ്. ഇനിയും മനസ്സിലാക്കാൻ തനിക്കൊരു നല്ല സുഹൃത്തിനെ കിട്ടിയില്ലാ.. എന്ന് മനസ്സിൽ വിതുമ്പിയിരുന്ന പലർക്കും ഗോവയിലെ കടലോരങ്ങളിൽ വെച്ച് അതിനുത്തരം കിട്ടി. ഒരിക്കലും ഉലയാത്ത മിത്രബന്ധങ്ങൾക്ക് ഞങ്ങൾ എല്ലാരുംകൂടെ പുതിയ സമവാക്യങ്ങൾ എഴുതി.

ഗോവയിൽ നിന്നും ഞങ്ങൾ തിരിച്ച് വന്നത് പുതിയൊരു ഭാവവുമായിട്ടായിരുന്നു. തിരിച്ചുവന്നയുടനെ തന്നെയായിരുന്നു ഫ്രണ്ട്ഷിപ് ഡേ... പലർക്കും പുതിയ ശീലങ്ങൾ... പുതിയ സുഹൃത്തുക്കൾ... സമ്മാനപ്പൊതികൾ... പക്ഷേ അതിനു ശേഷമാണ് ഒരു ഗ്രൂപിസം ക്ലാസിൽ കൂറ്റാൻ തുടങ്ങിയത്. എല്ലാരും ബെസ്റ്റ് ഫ്രണ്ട്ിൻെറ കൂടെ കത്തിവെക്കും. ക്ലാസിലേക്ക് കയറിയാൽ നല്ല രസമാണാത് കാണാൻ. പാലക്കാടും, കൊയമ്പത്തൂരും സിനിമ കാണാൻ ഞങ്ങളൊരുമിച്ച് പോയി... ഇന്നതൊക്കെ ഓർക്കുമ്പോൾ, മധുരിക്കും ഓർമ്മകളേ.. എന്ന പാട്ട് പാടാൻ തോനുന്നു.

പലർക്കും പറയാൻ പല പല രഹസ്യങ്ങൾ... പരസ്യങ്ങൾ. ഹോസ്റ്റലിലെ ഉച്ചഭക്ഷണം പോലും ഞാൻ അടക്കമുള്ള പലരും ഒഴിവാക്കി. കാരണം... നല്ല പാലക്കാടൻ ഫുഡ് ക്ലാസിൽ തന്നെ കിട്ടിത്തുടങ്ങി... ചിലർ ചപ്പാത്തി... ചിലർ മുട്ട പൊരിച്ചത്... ചിലർ ദോശ.. ഇഡലി. എനിക്ക് വേണ്ടി ചിലർ രണ്ട് പാത്രത്തിൽ വരെ ഭക്ഷണം കൊണ്ടുവന്നു...

പ്രോജക്ട്! സത്യം പറയാലോ.. എനിക്ക് തീരെ പിടിക്കാത്ത ഒരു പരിപാടിയായിരുന്നു അത്. പക്ഷേ, ആ സമയം ക്ലാസിൽ നല്ല രസം. ഫുൾടൈം കത്തി...
അതിനിടയിലാണ് ഞങ്ങൾ ജുമാഞ്ചീസ് ക്ലാസിനു വേണ്ടി ഒരു ഡിജിറ്റൽ ആൽബം ഉണ്ടാക്കാൻ പരുപാടിയിട്ടത്. എല്ലാവരുറ്റെയും ആത്മാർദ്ധമായ സഹകരണം, അതിൻെറ വിജയത്തിൽ കലാശിച്ചു. ഇന്നും അത് എല്ലാരുടെയും കയ്യിൽ ഉണ്ടെന്ന് തന്നെ ഞാൻ വിശ്വസിക്കുന്നു...

പൂക്കാലം കഴിയാറായി... വിടർന്ന് സൗരഭ്യം പൊഴിച്ച പല സ്നേഹബന്ധങ്ങൾക്കും ഉള്ളിൽ വേദന വന്നു. തമാശകൾ മാത്രം പൊട്ടിചിരുന്ന സദസ്സുകളിൽ ഇടക്കിടെ വേർപാടിൻെറ ആധികളും, നൊമ്പരങ്ങളും വന്നുതുടങ്ങി. പിരിയാൻ സമയമായി എന്ന ചിന്ത. സത്യം.. ഞാനടക്കം പലരും (പല കൊലകൊമ്പന്മാരും) വേദനിച്ചു. വേർപാടിൻെറയാ ദിനത്തിൽ പലരും കരഞ്ഞു... അല്ല, ഒരുവിധം എല്ലാരും കരഞ്ഞു... വാചകമടിക്കാൻ വന്ന പലരും അന്ന് വാക്കുകൾ കിട്ടാതെ വിതുമ്പി... ഒരു വസന്തകാലം അന്നവിടെ അവസാനിച്ചു.

ഇന്ന് എല്ലാവരും പലയിടങ്ങളിൽ... ജീവിതത്തിൻെറ തിരക്കിൽപ്പെട്ട്.. ആർക്കും സമയമില്ലാ... ഒന്നൊത്തുകൂടാൻ പോലും... പക്ഷേ, ഓർമ്മകൾ മരിക്കില്ലല്ലോ... എല്ലാവരും ആ സുന്ദരനിമിഷങ്ങളെ എന്നും ഓർക്കുമെന്ന് ആശ്വസിക്കാം... ഞങ്ങളെല്ലാം ഒത്തുകൂടുന്ന മറ്റൊരു ദിനവും കാത്ത്...